## ജില്ലാ അദാലത്ത് സമിതി യോഗം-

16/01/2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

<u>പരാതി നം-</u> BPTVPMC0167000026

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീമതി. അമ്പിളി. വി.,<br>കൊപ്രാപുര വീട്, മല്ലിയിടം,<br>മണക്കാട്. |
| പരാതി വിഷയം | - | അപേക്ഷകൻ പണികഴിപ്പിച്ച വീടിന് നഗരസഭ കെട്ടിട നമ്പർ നൽകിയില്ലായെന്ന പരാതി സംബന്ധിച്ച്. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000026 ഡോക്കറ്റ് നമ്പർ പരാതി. |

**<u>സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.</u>**

അപേക്ഷകയായ അമ്പിളി കളിപ്പാൻകുളം വാർഡിൽ മല്ലിയടത്ത് 2015 -ൽ പൂർത്തിയാക്കിയ കെട്ടിടത്തിന് നാളിതുവരെയായും നഗരസഭ അധികൃതർ കെട്ടിട നമ്പർ നൽകിയില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി.

ടി കെട്ടിടം KMBR ചട്ടം 26-ൽ നിഷ്കർഷിക്കുന്ന അളവുകൾ പ്രകാരമുള്ള തുറന്ന സ്ഥലങ്ങൾ വിവിധ വശങ്ങളിൽ വിടാതെയാണ് പണികഴിപ്പിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെടുകയുണ്ടായി.

2019 നവംബർ 7-ാം തീയതിയിലോ അതിനു മുമ്പോ നിർമ്മാണം നടന്നതോ പൂർത്തികരിച്ചതോ ആയ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 9/02/2024 ലെ സ.ഉ(പി) നമ്പർ 20/2024/LSGDTVM നമ്പറായി പുറപ്പെടുവിച്ച 2024 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ചട്ടങ്ങൾ) പ്രകാരം തിരുവനന്തപുരം നഗരസഭയിൽ യഥാവിധി അപേക്ഷ നൽകുന്നതിന് നിലവിൽ അവസരമുണ്ടെന്ന വിവരം ശ്രീമതി. അമ്പിളിയുടെ ശ്രദ്ധയിൽപ്പെടുത്തിയും അത്തരത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ടങ്ങൾക്ക് വിധേയമായി പരാതിയ്ക്ക് ആസ്പദമായ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് ഉപദേശിച്ചും തീരുമാനിച്ചു.